CT/146/2023-TC

I/136067/2023

മോട്ടോർ വാഹന വകുപ്പ് , കേരളം
ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം
തിയതി: 11-07-2023

പ്രേഷകൻ : ട്രാൻസ്പോർട്ട് കമ്മീഷണർ
കേരളം

സ്വീകർത്താവ്: ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ,
സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്,
പെരിന്തൽമണ്ണ

സർ,

വിഷയം:- *മോട്ടോർ വാഹന വകുപ്പ്*– 'EURO V' emission norms ഉള്ള 'KEY WAY SR 125' എന്ന മോഡൽ മോട്ടോർ സൈക്കിൾ രജിസ്റ്റർ ചെയ്യുന്നത്– സംബന്ധിച്ച്.

സൂചന :- താങ്കളുടെ 17/05/2023 –ലെ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

സൂചന പ്രകാരമുള്ള 'KEY WAY SR 125' മോഡൽ മോട്ടോർ സൈക്കിൾ Euro V norms-ൽ International accredited agency -യുടെ approval ഉള്ളതായി (e9*16W2013'11877*00) അറിയിച്ചിട്ടുണ്ട്. കേന്ദ്ര മോട്ടോർ വാഹന ചട്ടം, 1989 ലെ ചട്ടം, 126-ൽ 13/09/2018 ൽ വന്ന ഭേദഗതി പ്രകാരം completely knocked down unit ആയി ഇന്ത്യയിൽ രജിസ്ട്രേഷൻ അനുവദിക്കുവാൻ വ്യവസ്ഥയുണ്ട്. മാത്രമല്ല, import ചെയ്ത വാഹനങ്ങൾ ഇന്ത്യയിൽ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് MoRTH 01/05/2019-ൽ ഒരു standard operating procedure- ഉം പുറപ്പെടുവിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) ഇന്ത്യയിൽ ഒരു വാഹനം ഇറക്കുമതി ചെയ്യുന്ന വ്യക്തി SOP -യിൽ പറയും പ്രകാരം കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 126 പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ള കേന്ദ്ര സർക്കാർ ഏജൻസിയായ CIRT(Central Institute of Road Transport) - യ്ക്ക് വാഹന വിശദാംശങ്ങൾ കൈമാറേണ്ടതും CIRT-യുടെ പരിശോധനയ്ക്ക് ശേഷം വാഹൻ പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്യുന്നതിനായി NIC -യ്ക്ക് നിർദ്ദേശം നൽകേണ്ടതാണെന്നും പ്രതിപാദിക്കുന്നുണ്ട്. ഇറക്കുമതി ചെയ്ത വാഹനം ഇന്ത്യയിൽ രജിസ്ട്രേഷന് അനുയോജ്യമാണോ എന്ന് പരിശോധിച്ചശേഷം മാത്രമേ CIRT വാഹന വിശദാംശങ്ങൾ വാഹൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യാൻ NIC-യ്ക്ക് കൈമാറുകയുള്ളു. ആയതുകൊണ്ടുതന്നെ വാഹൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുള്ള വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് രജിസ്റ്ററിംഗ് അതോറിറ്റികൾ ബാദ്ധ്യസ്ഥരാണ്. എന്നാൽ ഇത്തരത്തിൽ CKD ആയോ CBU(Completely Built Unit) ആയോ ഇറക്കുമതി ചെയ്ത വാഹനങ്ങൾ കസ്റ്റംസ് ഡ്യൂട്ടി അടച്ചിട്ടുണ്ടെന്നും DGFT(Director General of Foreign Trade)-യിൽ നിന്ന് Clearance Certificate

ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട രജിസ്റ്ററിംഗ് അതോറിറ്റിയ്ക്ക് ആണ്. മേൽ വാഹനങ്ങൾ imported വിഭാഗത്തിൽ ഫീസ് ഈടാക്കി രജിസ്ട്രേഷൻ അനുവദിക്കേണ്ടതും കസ്റ്റംസ് ഡ്യൂട്ടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പർച്ചേസ് വാല്യൂ കണക്കാക്കി നികുതി ഈടാക്കേണ്ടതുമാണ്.

ഇറക്കുമതി ചെയ്യപ്പെടുന്ന 'EURO V' emission norms അനുസരിച്ചുള്ള വാഹനങ്ങൾ വാഹൻ പോർട്ടലിൽ BS VI emission norms അനുസരിച്ചാണെന്ന് CIRT Certify ചെയ്തിട്ടുണ്ടെങ്കിൽ ആയത് BS VI വിഭാഗത്തിൽ രജിസ്റ്റർ ചെയ്ത് നൽകേണ്ടതാണ്.

വിശ്വസ്തതയോടെ

Signed by
Shaji Madhavan
Date: 11-07-2023 13:00:23

SHAJI MADHAVAN
SENIOR DEPUTY TRANSPORT COMMISSIONER

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് ,കേരളം, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്,തിരുവനന്തപുരം-14
ഫോൺ: 0471-2333337/2333317 0471-2333314 വെബ്സൈറ്റ്: www.mvd.kerala.gov.in ഇമെയിൽ: tcoffice.mvd@kerala.gov.in

പകർപ്പ്:-

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും.

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും